

FRIDAY 19/09/2025 വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU


Agriculture Development and Farmer’s Welfare Department

GOVERNMENT OF KERALA

**Chief Editor:** SINDHU. KS **Editor:** Dr. V. Krishnadas



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 19/09/2025

1. തിരുവനന്തപുരം ജില്ലാ പഞ്ചായത്തിൻറെയും കാർഷിക വികസന കർഷകക്ഷേമ വകുപ്പിൻറെയും സംയുക്താഭിമുഖ്യത്തിൽ പെരിങ്ങമ്മല ജില്ലാ കൃഷിത്തോട്ടത്തിൽ വച്ച് തിരുവനന്തപുരം ജില്ലയിലെ വിവിധ ഫാമുകളുടെ ഒരു ഫാം ഫെസ്റ്റ് 'ഫാം ഫ്യൂഷൻ 25' എന്ന പേരിൽ ഈ മാസം 17, 18, 19 തീയതികളിലായി നടന്നുവരുന്നു. ഇതിനോടനുബന്ധിച്ച് കാർഷിക മേഖലയിലെ നൂതന സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തുന്നതിനായി വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കി സെമിനാറുകൾ, പ്രദർശന വിപണന സ്റ്റാളുകൾ, ഫാം വിസിറ്റ്, കലാപരിപാടികൾ, കൃഷി അധിഷ്ഠിത വിനോദ വിജ്ഞാന മത്സരങ്ങൾ എന്നിവയും സംഘടിപ്പിക്കുന്നു. 'ഫാം ഫ്യൂഷൻ 25' ഇന്ന് അവസാനിക്കും.

2. തിരുവനന്തപുരം ആനയറ വി എഫ് പി സി കെ കൃഷി ബിസിനസ്സ് കേന്ദ്രയിൽ വിവിധ ഇനങ്ങളിലുള്ള തെങ്ങിൻ തൈകൾ, മാവിൻ തൈകൾ, പ്ലാവിനങ്ങൾ, റംബൂട്ടാൻ, കമുക്, കുരുമുളക് വള്ളികൾ, ജൈവ ഉത്പാദനോപാധികൾ, ചാണകപ്പൊടി (സമ്പുഷ്ടീകരിച്ചത്), വേപ്പിൻപിണ്ണാക്ക്, എല്ലുപൊടി, മീൻവളം,

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കപ്പലണ്ടിപ്പിണ്ണാക്ക്, ബ്യൂവേറിയ, വെർട്ടിസീലിയം, ട്രൈക്കോ ഡെർമ, മെറ്റാറൈസിയം, എന്നിവയും വാഴ കൃഷിക്കും പച്ചക്കറി കൃഷിക്കും ആവശ്യമായ അയർ തുടങ്ങിയവ വിൽപനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ – 8289907652, 9495311486

3. MIDH പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ നന്നായി പ്രവർത്തിക്കുന്ന സർവീസ് സഹകരണ ബാങ്കുകൾ, FPO കൾ, മറ്റു സംരംഭകർ, ഗ്രൂപ്പുകൾ എന്നിവർക്ക് താഴെ പറയുന്ന ഘടകങ്ങൾക്ക് സബ്സിഡി ലഭ്യമാണ്.

1. പ്രീ കൂളിംഗ് യൂണിറ്റ് – 1.75 ലക്ഷം
2. കോൾഡ് റൂംസ് – 1 എണ്ണം –18.2 ലക്ഷം
3. റെഫ്രിജറേറ്റഡ് ട്രാൻസ്പോർട് വെഹിക്കിൾ– 1 എണ്ണം–10.85 ലക്ഷം
4. പ്രൈമറി /മിനിമൽ പ്രോസസ്സിംഗ് യൂണിറ്റ് –2 യൂണിറ്സ് –24.5 ലക്ഷം
5. സോളാർ ക്രോപ് ഡ്രയർ –10 എണ്ണം –10 ലക്ഷം 70 kg കപ്പാസിറ്റി
6. 100 കി ഗ്രാം കപ്പാസിറ്റി 7 എണ്ണം– 9.8 ലക്ഷം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ +91 755-9047579. അപേക്ഷ ലഭിക്കേണ്ട അവസാന തീയ്യതി 25/09/2025.

4. തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട പഞ്ചായത്തിലെ മുഴുവൻ വളർത്തുനായ്ക്കളെയും പേവിഷബാധ പ്രതിരോധ കുത്തിവെയ്പ്പ് നടത്തുന്നതിനും ലൈസൻസ് എടുക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റ് നൽകുന്നതിനുമായി ഇന്ന് സെപ്തംബർ 19-ന് (19-9-2025) വാര്യക്കോണം അംഗനവാടി, ചന്ദ്രമംഗലം, അറവൻകോണം 20-9-2025 മണ്ണാംകോണം, എട്ടിരുത്തി, മുതയിൽ എന്നീ കേന്ദ്രങ്ങളിൽ വാക്സിനേഷൻ ക്യാമ്പുകൾ സംഘടിപ്പിച്ചിരിക്കുന്നു. പ്രസ്തുത ക്യാമ്പുകളിൽ വെച്ച് നായ്ക്കൾക്ക് സൗജന്യ നിരക്കിൽ പേവിഷബാധ പ്രതിരോധ കുത്തിവെയ്പ്പ് നടത്തുന്നു. നായ ഒന്നിന് വാക്സിനേഷൻ ചാർജ്ജായി 55 രൂപ (രൂപ അൻപത്തിഅഞ്ച് മാത്രം) വീതം നൽകേണ്ടതാണെന്ന് കാട്ടാക്കട സീനിയർ വെറ്റിനറി സർജൻ അറിയിച്ചു.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## പരിശീലന പരിപാടി

1. വെള്ളായണി കാർഷിക കോളേജിലെ സെൻറർ ഫോർ അഗ്രികൾച്ചറൽ ഇന്നോവേഷൻസ് ആൻഡ് ടെക്നോളജി ട്രാൻസ്ഫറിന്റെയും (CAITT) ഹൈദരാബാദ് മാനേജിൻറെയും (MANAGE) സംയുക്താഭിമുഖ്യത്തിൽ നടപ്പാക്കുന്ന അഗ്രിക്ലിനിക്ക് ആന്റ് അഗ്രിബിസിനസ് സെന്റേഴ്സ് സ്കീമിൻ്റെ ഭാഗമായി 45 ദിവസത്തെ സൗജന്യ പരിശീലനപരിപാടിയിലേക്ക് അപേക്ഷകരെ ക്ഷണിക്കുന്നു. കാർഷിക മേഖലയിലെ തൊഴിൽ സാധ്യത വിപുലപ്പെടുത്തുന്നതിനായി നടത്തുന്ന പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിനായി അഗ്രികൾച്ചർ, ഹോർട്ടികൾച്ചർ, ഡയറി സയൻസ്, അനിമൽ ഹസ്ബൻ്ററി, ഫിഷറീസ്, ഫോറസ്ട്രി, അഗ്രികൾച്ചൾ എഞ്ചിനീയറിങ്, ബയോടെക്നോളജി, ഹോം സയൻസ്, കമ്യൂണിറ്റി സയൻസ്, ഫുഡ് ടെക്നോളജി, ഫുഡ് ന്യൂട്രീഷ്യൻ & ഡയറ്റെറ്റിസ്, എൻവിയോൺമെൻ്റൽ സയൻസ്, ബോട്ടണി, സുവോളജി, കെമസ്ട്രി എന്നിവയിൽ ഏതെങ്കിലും വിഷയത്തിൽ ബിരുദവും, +2 പാസായ ശേഷമുള്ള 3 വർഷത്തെ അഗ്രികൾച്ചർ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഡിപ്ലോമ കോഴ്സ് പടിച്ചവർക്കും അപ്രക്ഷിക്കാവുന്നതാണ്. പ്രായ പരിധി 21 മുതൽ 60 വയസ്സ് വരെ. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് വ്യക്തിഗത സംരംഭങ്ങൾ തുടങ്ങുവാനായി ബാങ്ക് വായ്പ ലഭിക്കുന്നതാണ്. പൊതു വിഭാഗത്തിൽപ്പെട്ട അപേക്ഷകർക്ക് വായ്പ തുകയുടെ 36 ശതമാനം വരെ സബ്സിഡിയും വനിതകൾക്കും, ഷെഡ്യൂൾഡ് കാസ്റ്റ്/ ഷെഡ്യൂഡ് ട്രൈബ് വിഭാഗത്തിൽ ഉള്ളവർക്ക് 44 ശതമാനം വരെയും സബ്സിഡി ലഭിക്കും. വായ്പാ സഹായം ലഭിക്കുവാനുള്ള പരമാവധി പ്രായം 62 വയസ്സാണ്. പദ്ധതിയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ സെപ്റ്റംബർ 24 നകം http://acabcmis.gov.in എന്ന പോർട്ടലിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. വിശദമായ വിവരങ്ങൾക്ക് www.agriclinics.net എന്ന വെബ്സൈറ്റ് സന്ദർശിക്കാം. കൂടുതൽ വിവരങ്ങൾക്ക് 9447495778, 8891540778 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

2. പത്തനംതിട്ട ജില്ലയിലെ മഞ്ഞാടി ഡക്ക് ഹാച്ചറി & ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിൽ 2025 സെപ്റ്റംബർ 24, 25 തീയതികളിൽ "എരുമ

മാധ്യമ പ്രസിദ്ധീകരണത്തിന്, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വളർത്തൽ " എന്ന വിഷയത്തിൽ 2 ദിവസത്തെ സൗജന്യ പരിശീലനം നടത്തുന്നു. പങ്കെടുക്കാൻ താല്പര്യമുള്ളവർ 0469-2965535 എന്ന നമ്പരിൽ ഓഫീസ് പ്രവർത്തന സമയത്ത് മുൻകൂട്ടി വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ് .

3. വെള്ളായണി കാർഷിക കോളജിൽ ശീതകാല പച്ചക്കറിക്കൃഷി എന്ന വിഷയത്തിൽ ഈ മാസം 23ന് പരിശീലന പരിപാടിയും സൗജന്യ വിത്തു വിതരണവും നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 8891540778.

4. കണ്ണൂർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൻറ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 20 ന് കാട വളർത്തൽ എന്ന വിഷയത്തിലും, 23,24 ന് വളർത്തുനായ്ക്കളുടെ പരിപാലനം, എന്ന വിഷയത്തിലും പരിശീലനം ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് വിളിക്കേണ്ട ഫോൺനമ്പർ 04972-763473.

5. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബർതോട്ടങ്ങളിലെ ഇടവിളക്കൃഷിയിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. 2025 സെപ്റ്റംബർ 23-ന്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

രാവിലെ 10.30 മുതൽ 12.30 വരെയാണ് പരിശീലനം. പരിശീലനമാധ്യമം മലയാളം ആയിരിക്കും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9495928077 എന്ന ഫോൺ നമ്പരിലോ 04812351313 എന്ന വാട്ട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാവുന്നതാണ്. ഇമെയിൽ:training@rubberboard.org.in

## കാർഷിക നിർദേശം

1. തെങ്ങിലെ വെള്ളീച്ചയെ നിയന്ത്രിക്കാനായി 2% വീര്യമുള്ള വേപ്പെണ്ണ എമൽഷൻ തയ്യാറാക്കിയതിലേക്ക് 20 ഗ്രാം ലെക്കാനിസീലിയം എന്ന മിത്രകുമിൾ ചേർത്ത് നന്നായി കലക്കി ഇലകളുടെ അടിവശത്ത് പതിയത്തക്കവിധം തളിച്ച്കൊടുക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം